# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1174 30.01.2018 ൽ മറുപടിക്ക്**

**ഉയരപ്പാതകളുടെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്തെ തിരക്കേറിയ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസവും വർദ്ധിച്ച പണച്ചെലവും മൂലം വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

ബി) എങ്കിൽ ഇത് പരിഹരിക്കാൻ നിലവിലുള്ള റോഡിന് മുകളിൽ ഉയരപ്പാതകൾ നിർമ്മിച്ചാൽ ഗതാഗതക്കുരുക്കും വികസന പദ്ധതികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിക്കുകയില്ലേയെന്ന് പരിശോധിക്കാമോ ;

സി) ഇത്തരത്തിൽ നിർമ്മിക്കുന്ന ഉയരപ്പാതയുടെ ഇരുപുറവും രണ്ടുവരി പാതകൾ നിർമ്മിക്കുകയും സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് നടപ്പാതയും പാർക്കിംഗ് സൗകര്യങ്ങളും ക്രമപ്പെടുത്തുകയും ചെയ്താൽ പട്ടണങ്ങളിലെ തിരക്ക് കുറയ്ക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

എ) സംസ്ഥാനത്തെ തിരക്കേറിയ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസവും വർദ്ധിച്ച പണച്ചെലവും മൂലം വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുണ്ട്. റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങളും തർക്കങ്ങൾ പരിഹരിക്കുന്നതും ഫണ്ടിന്റെ ലഭ്യതക്കുറവും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്.

ബി) & സി) നിലവിലുള്ള റോഡിനു മുകളിൽ ഉയരപ്പാതകൾ നിർമ്മിക്കുകയാണെങ്കിൽ ഗതാഗതക്കുരുക്കും വികസനപദ്ധതികളിലെ കാലതാമസവും ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. പക്ഷേ ഇത്തരം പ്രവർത്തികളുടെ നിർമ്മാണത്തിന് തൂണുകൾ നാട്ടുന്നതിനായി നിലവിലുള്ള റോഡിൽ മീഡിയനുകൾ സ്ഥാപിക്കേണ്ടതായി വരുന്നതിനാൽ ആയതിനായി പല ഭാഗങ്ങളിലും സ്ഥലമേറ്റെടുക്കേണ്ട ആവശ്യകതയും ഉണ്ട്. നിലവിൽ നാലുവരി പാതയുടെ വീതിയ്ക്ക് സ്ഥലം ആവശ്യമായി വരും. മാത്രമല്ല ഇത്തരം പദ്ധതികൾക്ക് ചിലവ് വളരെ കൂടുതലായി വേണ്ടി വരും. ഉയരപ്പാതകൾ നിർമ്മിക്കുമ്പോൾ പ്രസ്തുത സൗകര്യങ്ങൾ സ്ഥലലഭ്യതക്കനുസരിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് പരിഗണനാർഹമാണ്.

സെക്ഷൻ ഓഫീസർ